സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനവും നിർമ്മാണപ്രവർത്തനവും

104 (6555) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക ഗ്രാമവികസനബാങ്കിൽ, നിയമനം പി.എസ്.സി.-ക്ക് വിട്ട വ്യൂണൽ തസ്തികയിൽ 2014 ജനുവരിക്കുശേഷം നാളിതുവരെ എത്രപേർക്ക് സ്ഥിര നിയമനം നൽകി ; സഹകരണ നിയമത്തിന് വിരുദ്ധമായ ഈ നിയമനം തടയാൻ എന്ത് നടപടി സ്വീകരിച്ചു :

(ബി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ വിവിധ ഓഫീസുകളിലായി നിലവിൽ എത്ര കോടിരൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നു ; ഏതെല്ലാം ഓഫീസുകളിൽ എത്രകോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ ; ഈ അവസരത്തിൽ ബാങ്കിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കാതെ തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണവും എം.ഡി.യെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട വ്യൂണൽ തസ്തികയിൽ 2014 ജനുവരിക്കുശേഷം നാളിതുവരെയായതൊരു സ്ഥിരനിയമനവും നൽകിയിട്ടില്ല.

(ബി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ വിവിധ ഓഫീസുകളിലായി നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു :

1. മഞ്ചേരി മേഖലാ ഓഫീസിന്റെ ഓഫീസ് മന്ദിരനിർമ്മാണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് 176 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിച്ച് നൽകിയിട്ടുണ്ട്.

2. എറണാകുളം മേഖലാ ഓഫീസിലും സ്റ്റാഫ് ട്രെയിനിംഗ് സെന്ററിലും അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്രത്യേകപ്രവൃത്തി നൽകി ലേലംവിളിച്ച് കുറഞ്ഞ ലേലസംഖ്യയായ 187 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതിക്കുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. നിയമാനുസൃതം അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാങ്കിൽ എം.ഡി.യെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly